**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1773** **19-01-2021 - ൽ മറുപടിയ്ക്ക്**

**റീവാല്യുവേഷനിലൂടെ അധിക മാർക്ക് നല്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ടി. ബൽറാം | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ പരീക്ഷാ പേപ്പർ റീവാല്യൂവേഷനിൽ ലഭിക്കുന്ന അധിക മാർക്ക് വിദ്യാർത്ഥികൾക്ക് കൊടുക്കുന്നതിന്റെ മാനദണ്ഡം ഒരുപോലെയാണോ എന്ന് വിശദമാക്കാമോ; അല്ലെങ്കിൽ ഇത് ഏകീകരിക്കുന്നതിന് നപടി സ്വീകരിക്കുമോ; | (എ) | കേരള സർവ്വകലാശാലയിൽ റീവാല്യുവേഷന് അപേക്ഷിക്കുന്ന വിദ്യാർത്ഥിക്ക് ആദ്യ തവണ റീവാല്യുവേഷനിൽ ഒറിജിനൽ മാർക്കിനേക്കാൾ കൂടുതൽ മാർക്ക് ലഭിക്കുകയാണെങ്കിൽ റീവാല്യുവേഷനിൽ ലഭിച്ച കൂടിയ മാർക്ക് ലഭിക്കുന്നതാണ്. എന്നാൽ ആദ്യ റീവാല്യുവേഷനിൽ ലഭിക്കുന്ന മാർക്കും ഒറിജിനൽ മാർക്കും തമ്മിലുള്ള വ്യത്യാസം മൊത്തം മാർക്കിന്റെ പത്തു ശതമാനമോ അതിൽ കൂടുതലോ ആണെങ്കിൽ രണ്ടാമതും റീവാല്യുവേഷൻ നടത്തുന്നതും രണ്ടു റീവാല്യുവേഷൻ മാർക്കുകളുടെയും ശരാശരി മാർക്ക് വിദ്യാർത്ഥിക്ക് നൽകുന്നതുമാണ്.രണ്ടാം റീവാല്യുവേഷൻ മാർക്കും ആദ്യ റീവാല്യുവേഷൻ മാർക്കും തമ്മിലുള്ള വ്യത്യാസം ഇരുപതു ശതമാനമോ അതിൽ കൂടുതലോ ആണെങ്കിൽ മൂന്നാമതും റീവാല്യുവേഷൻ നടത്തുന്നതും മൂന്നു റീവാല്യുവേഷൻ മാർക്കുകളുടെയും ശരാശരി മാർക്ക് വിദ്യാർത്ഥിക്ക് നൽകുന്നതുമാണ്. കണ്ണൂർ സർവ്വകലാശാലയിൽ റീവാല്യുവേഷ നിലൂടെ ലഭിക്കുന്ന അധിക മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡം താഴെ പറയുന്നു: 1. റീവാല്യുവേഷനിലൂടെ ലഭിക്കുന്ന ഗ്രേഡ്/ഗ്രേഡ് പോയിന്റ് ആവറേജ് ഒറിജിനൽ വാല്യുവേഷനിൽ ലഭിച്ച ഗ്രേഡ് പോയിന്റ് ആവറേജിനേക്കാൾ കുറവാണെങ്കിൽ ഒറിജിനൽ വാല്യുവേഷനിൽ ലഭിച്ച ഗ്രേഡ് പോയിന്റ് ആവറേജിന് മാറ്റമുണ്ടാവില്ല. 2. റീവാല്യുവേഷനിൽ ഗ്രേഡ് പോയിന്റ് ആവറേജ് (ജി.പി.എ.) വർദ്ധിക്കുകയും എന്നാൽ ഗ്രേഡിൽ മാറ്റമില്ലാതിരിക്കുകയും ചെയ്താൽ ഒറിജിനൽ വാല്യുവേഷനിലും റീവാല്യുവേഷനിലും ലഭിച്ച ജി.പി.എ.യുടെ ആവറേജ് ആണ് നൽകുന്നത്. 3. റീവാല്യുവേഷനിലൂടെ ഗ്രേഡ് ഹയർ ഗ്രേഡ് ആയി മാറിയാൽ ഉത്തരക്കടലാസ് സെക്കന്റ് |

റീവാല്യവേഷന് അയയ്ക്കുകയും ഒന്നാമത്തെയും രണ്ടാമത്തെയും റീവാല്യവേഷനുകളിൽ ലഭിച്ച ജി.പി.എ.കളുടെ ആവറേജ് കണക്കാക്കി ഗ്രേഡ് നൽകുകയുമാണ് ചെയ്യുന്നത്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ റീവാല്യവേഷ നിൽ അധികമാർക്ക് ലഭിച്ചാൽ അത് നൽകുകയും കുറവ് മാർക്ക് ലഭിച്ചാൽ പഴയ മാർക്ക് നിലനിർത്തുകയും ചെയ്യും. ആദ്യ റീവാല്യവേഷനിൽ ആകെ മാർക്കിന്റെ 15 ശതമാനമോ അതിലധികമോ വർദ്ധനയുണ്ടായാൽ വീണ്ടും റീവാല്യവേഷൻ നടത്തുകയും ഒന്നും രണ്ടും റീവാല്യവേഷനുകളിൽ ലഭിച്ച മാർക്കിന്റെ ശരാശരി ഒറിജിനൽ വാല്യവേഷനിലെ മാർക്കിനേക്കാൾ കൂടുതലാണെങ്കിൽ അതു നൽകുകയും ചെയ്യുന്നു. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ആദ്യം ലഭിച്ച മാർക്കിനേക്കാൾ 25% വരെ അധിക മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് റീവാല്യവേഷനിൽ ലഭിച്ച മാർക്ക് നൽകുന്നതാണ്. 25 മുതൽ 37.5% വരെ അധികമാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ സെക്കന്റ് റീവാല്യവേഷനും 37.5 ശതമാനത്തിനു മുകളിൽ അധികമാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ രണ്ട് അദ്ധ്യാപകർ അടങ്ങുന്ന ബോർഡ് വാല്യുവേഷനും നടത്താറുണ്ട്. സെക്കന്റ് റീവാല്യവേഷനിൽ ലഭിക്കുന്ന മാർക്കും ആദ്യ വാല്യുവേഷനിലോ റീവാല്യുവേഷനിലോ ലഭിച്ച മാർക്കും ഏതിനാണോ മാർക്ക് വ്യത്യാസം കുറവ് വരുന്നത്, അവ തമ്മിലുള്ള ശരാശരി കണക്കാക്കി, പ്രസ്തുത വിഷയത്തിന്റെ മാർക്കായി നൽകാറുണ്ട്. ബോർഡ് വാല്യവേഷന് ലഭിക്കുന്ന മാർക്ക് അന്തിമമായിരിക്കും. റീവാല്യവേഷനിൽ കിട്ടിയ മാർക്ക് ആദ്യത്തെ മാർക്കിനേക്കാൾ കുറവാണെങ്കിൽ ആദ്യം ലഭിച്ച മാർക്ക് തന്നെ നിലനിൽക്കും. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ റീവാല്യവേഷനു ശേഷം ലഭിച്ച മാർക്ക്, ആദ്യം ലഭിച്ച മാർക്കിനേക്കാൾ വിഷയത്തിന്റെ പരമാവധി മാർക്കിന്റെ 5 ശതമാനത്തിൽ കൂടുതലാണെങ്കിൽ റീവാല്യവേഷനു ശേഷമുള്ള മാർക്ക് അവസാന മാർക്കായി പരിഗണിക്കും. റീവാല്യവേഷനു ശേഷം ലഭിച്ച മാർക്ക് ആദ്യം ലഭിച്ച മാർക്കിനേക്കാൾ വിഷയത്തിന്റെ പരമാവധി മാർക്കിന്റെ 5%-ൽ കുറവാണെന്നിരിക്കെത്തന്നെ മോഡറേഷൻ പരിധിയിൽ വരുകയും മോഡറേഷൻ നൽകിയാൽ വിദ്യാർത്ഥിക്ക് ആ വിഷയത്തിൽ ജയിക്കാനാവുമെങ്കിൽ പുനർമൂല്യ നിർണ്ണയത്തിൽ ലഭിച്ച മാർക്ക് പരിഗണിച്ച് സ്വീകരിക്കുകയും ചെയ്യും.

| | | | |
|---|---|---|---|
| | | | എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ റീവാല്യവേഷനിൽ ലഭിച്ച മാർക്കും മുമ്പ് ലഭിച്ച മാർക്കും തമ്മിൽ 15 ശതമാനത്തിൽ അധികം വ്യത്യാസം ഉണ്ടെങ്കിൽ മൂന്നാമത് വാല്യവേഷൻ നടത്തുന്നതും ആയതിൽ അധികം മാർക്ക് ലഭിച്ച രണ്ട് വാല്യവേഷന്റെ മാർക്കുകളുടെ ശരാശരി മാർക്ക് കണക്കാക്കുകയും ചെയ്യുന്നു. ശരാശരി മാർക്ക് ആദ്യം ലഭിച്ച മാർക്കിനേക്കാൾ കൂടുതലാണെങ്കിൽ ആയതും കുറവാണെങ്കിൽ ആദ്യം ലഭിച്ച മാർക്കും നൽകുന്നു. കാലിക്കറ്റ് സർവ്വകലാശാലയിലും നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലും അധികമാർക്ക് ഏതാണോ അതാണ് നൽകുന്നത്. മലയാള സർവ്വകലാശാലയിൽ ഡബിൾ വാല്യവേഷൻ രീതി നിലനിൽക്കുന്നതിനാൽ റീവാല്യവേഷൻ നിലവിലില്ല. മാനദണ്ഡം ഏകീകരിക്കുന്ന കാര്യം സർവ്വകലാശാലകളുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. |
| (ബി) | ആദ്യം മൂല്യനിർണ്ണയം നടത്തുന്നയാൾ ശരിയായ രീതിയിൽ മൂല്യനിർണ്ണയം നടത്താത്തതുമൂലം ഇത്തരത്തിൽ റീവാല്യൂവേഷന് അപേക്ഷിക്കേണ്ടിവരുന്നത് വിദ്യാർത്ഥികൾക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | റീവാല്യൂവേഷനിൽ കൂടുതൽ മാർക്ക് ലഭിച്ചാൽ റീവാല്യൂവേഷൻ ഫീസും പുതിയ മാർക്ക് ലിസ്റ്റ് ലഭിക്കാൻ ഫീസും അടയ്ക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ റീവാല്യവേഷൻ മുഖേന 15 ശതമാനത്തിൽ അധികം മാർക്ക് ലഭിക്കുക യാണങ്കിൽ റീവാല്യവേഷൻ ഫീസ് തിരികെ നൽകുന്നതാണ്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ റീവാല്യവേഷനിൽ ലഭിച്ച മാർക്ക് വിഷയത്തിന്റെ പരമാവധി മാർക്കിന്റെ 20 ശതമാനത്തിൽ കൂടുതൽ ആണെങ്കിൽ റീവാല്യ വേഷൻ ഫീസ് (അപേക്ഷ ഫീസ് ഒഴികെ) തിരികെ നൽകുന്നതാണ്. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജി ക്കൽ സർവ്വകലാശാലയിലും ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലും കാലിക്കറ്റ് സർവ്വകലാശാലയിലും റീവാല്യവേഷൻ മുഖേന കൂടുതൽ മാർക്ക് ലഭിച്ചാൽ പുതിയ മാർക്ക് ലിസ്റ്റിനായി വീണ്ടും ഫീസ് ഈടാക്കുന്നില്ല. കേരള സർവ്വകലാശാലയും മഹാത്മാഗാന്ധി സർവ്വ കലാശാലയും റീവാല്യവേഷനു ശേഷം നിശ്ചിത സമയപരിധിക്കുള്ളിൽ പുതിയ മാർക്ക് ലിസ്റ്റിനു ഫീസ് ഈടാക്കുന്നില്ല. കണ്ണൂർ സർവ്വകലാശാല, കുസാറ്റ്, നുവാൽസ് എന്നിവിടങ്ങളിൽ റീവാല്യ |

| | | | |
|---|---|---|---|
| | | | വേഷൻ മാർക്ക് ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ മാർക്ക് ലിസ്റ്റിന് ഫീസ് ഈടാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ